പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6436 08.07.2014-ൽ മറുപടിക്ക്

തൃക്കണ്ണാപുരം - അണ്ണൂർ ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നേമം നിയോജകമണ്ഡലത്തിലെ തൃക്കണ്ണാപുരം വാർഡിൽ അണ്ണൂർ പ്രദേശത്തേക്കു സർവ്വീസ് നടത്തിയിരുന്ന പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ആർ.എൻ.സി.-310 എന്ന ബസ് സർവ്വീസ് അകാരണമായി നിറുത്തിവച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | പാപ്പനംകോട് ഡിപ്പോയിൽ നിന്നും നേമം നിയോജക മണ്ഡലത്തിലെ തൃക്കണ്ണാപുരം-അണ്ണൂർ പ്രദേത്തേക്ക് നടത്തിയിരുന്ന സർവ്വീസ് മതിയായ യാത്രക്കാരെ ലഭിക്കാത്തതു കാരണം വരുമാനക്കുറവ് ഉണ്ടായതിനാൽ ചില ദിവസങ്ങളിൽ ടി സർവ്വീസ് നടത്തുവാൻ കഴിഞ്ഞിട്ടില്ല. ടി റൂട്ടിൽ ഷോർട്ട് വീൽ ബെയ്സ്ഡ് ബസ് ഉപയോഗിച്ച് മാത്രമെ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളു. വരുമാനം തീരെ കുറയുമ്പോൾ കൂടുതൽ ട്രാഫിക് ഡിമാന്റും കൂടുതൽ വരുമാനവും ലഭിക്കുന്ന റൂട്ടുകളിലേക്ക് ഷെഡ്യൂൾ ബസ്സുകൾ മാറ്റി അയക്കാറുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്നും പ്രസ്തുത സർവ്വീസ് എന്നു മുതൽ പുന:സ്ഥാപിക്കും എന്നും വ്യക്തമാക്കുമോ ? | (ബി) | ലഭിച്ചിട്ടുണ്ട്. ബഹു. സ്ഥലം എം.എൽ.എ. യുടെ നിർദ്ദേശാനുസരണം 27.06.2014 മുതൽ പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ